ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ	
റിസർവ് ബാങ്കിൽ നിന്നുള്ള W.M.A/OD	0.00
കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ലോൺ	6662.21
പി.എഫ്., സ്റ്റാൾ സേവിംഗ്സ് ഫണ്ട്	35542.51
റിസർവ് ഫണ്ട്	1771.64
മറ്റ് ബാധ്യതകൾ	4702.38

സക്കാർ സബ്സിഡികൾ

193 (533) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിവിധ മേഖലകൾവഴി നൽകുന്ന സബ്സിഡികളിൽ നല്ലൊരുഭാഗം അഴിമതിയും ചോർച്ചയുംമൂലം നഷ്ടമായിക്കൊണ്ടിരിക്കുന്നതായുള്ള പബ്ലിക് എക്സ്പെന്റീച്ചർ റിവ്യൂ കമ്മിറ്റിയുടെ 2011-12 സെക്കന്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ,

(ബി) എങ്കിൽ ഏതെല്ലാം ഇനത്തിലുള്ള സബ്സിഡി തുകകളാണ് ചോർച്ചയും അഴിമതിയുംമൂലം നഷ്ടപ്പെടുന്നതെന്ന് വ്യക്തമാക്കാമോ, ചോർച്ചയും നഷ്ടവും ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്,

(സി) മാർക്കറ്റ് ഇന്റർവെൻഷൻ സബ്സിഡികൾ ഫലപ്രദമാക്കാനും കാലികമായി വർദ്ധിപ്പിക്കുവാനും തയ്യാറാകുമോ,

(ഡി) സബസിഡി ചോർത്തിയതിന്റെയും അഴിമതി നടത്തിയതിന്റെയും പേരിൽ ആരുടെയെങ്കിലും പേരിൽ നടപടി കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സർക്കാർ വിവിധ മേഖലകൾവഴി നൽകുന്ന സബ്സിഡികൾ അഴിമതിയും ചോർച്ചയുംമൂലം നഷ്ടമായതായി പബ്ലിക് എക്സ്പെന്റീച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഒരു പരിശോധന ആവശ്യമാണെന്ന് മാത്രമാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച മറുപടിയായി ഊർജ്ജ, കൃഷി വകുപ്പുകളിൽനിന്നും ലഭിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

ഊർജ്ജ വകുപ്പ്

2011-11, 2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ ബജറ്റിൽ തെർമൽ സർചാർജിൽനിന്നും ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കുന്നതുമൂലം കെ.എസ്.ഇ.ബി.-ക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി യഥാക്രമം അനുവദിച്ച 54 കോടി രൂപയും, 54.60 കോടി രൂപയും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിയതുമൂലം ഉണ്ടായ റവന്യൂ കമ്മി നികത്തുന്നതിന് അനുവദിച്ച 45.97 കോടി രൂപയും അഴിമതിയും ചോർച്ചയുമായി ഒരു ബന്ധമില്ലാത്തതാണ്. കൂടാതെ കാർഷിക ആവശ്യങ്ങൾക്കായും, പവർ സബ്സിഡിയിനത്തിലും സൗജന്യമായി വൈദ്യുതി നൽകിയ ഇനത്തിൽ സബ്സിഡിയായി തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

കൃഷി വകുപ്പ്

പദ്ധതികൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്ന സബ്സിഡി തുകകൾ അഴിമതിയും ചോർച്ചയും മൂലം നഷ്ടപ്പെടുന്നില്ല. ടി തുകകൾ ഇ-പേയ്മെന്റ് സംവിധാനം വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്ന സുതാര്യമായ സംവിധാനമാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

(സി) പൊതുവിപണിയിൽ അവശ്യ സാധനങ്ങളുടെ വില വർദ്ധനവു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനായി വിപണി ഇടപെടൽ നടത്താറുണ്ട്. സംസ്ഥാനത്തിന്റെ പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, പച്ചത്തേങ്ങ, റബ്ബർ എന്നിവയെ വിപണിയിലെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിനും കർഷകർക്ക് പിൻതുണ നൽകുന്നതിനുമായി

വിളവെടുപ്പ് കാലങ്ങളിൽ സർക്കാർ ഉത്തരവിന് വിധേയമായ ന്യായവില നൽകി ഈ ഉല്പന്നങ്ങൾ കർഷകരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾ നേരിട്ട് സംഭരിച്ചുവരുന്നു. ഓരോ വർഷവും വിപണിയിൽ നിലവിലുള്ള സാഹചര്യങ്ങൾ പഠനവിധേയമാക്കി സർക്കാർ കാർഷികോല്പന്നങ്ങളുടെ സംഭരണ വിലയും വിപണിയിടപെടൽ നിരക്കും പുതുക്കി നിശ്ചയിക്കാറുണ്ട്.

(ഡി) ഇല്ല.

സർക്കാർ സർവ്വീസിലെ അധിക ജീവനക്കാരെ സംബന്ധിച്ച്

194 (534) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനവകുപ്പിന്റെ പരിശോധനയിൽ, സർക്കാർ സർവ്വീസിൽ അധിക ജീവനക്കാരായി കണ്ടെത്തപ്പെട്ടവർ എത്രയാണ് ; വകുപ്പ് തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അധിക ജീവനക്കാരെ കണ്ടെത്തിയതെന്ന് വിശദമാക്കാമോ ;

(സി) ലക്ഷ്യം പൂർത്തിയായതിനാലും പദ്ധതി നിർത്തിയതിനാലും തൊഴിൽ ഇല്ലാതായവർ എത്ര ; ഡെപ്യൂട്ടേഷനിൽ ഉള്ളവർ എത്ര ;

(ഡി) അധിക തസ്തികകളിൽ ഉള്ള ജീവനക്കാരുടെകാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ധനകാര്യവകുപ്പിന്റെ പരിശോധനയിൽ സർക്കാർ സർവ്വീസിൽ അധിക ജീവനക്കാരെ കണ്ടെത്താനായിട്ടില്ല.

(ബി-ഡി) 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly